**നം.ഡി5/6464/2011/ഡി.പി.ഐ.**

പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം.
തീയതി:01/02/2011.

## സർക്കുലർ നമ്പർ.II

**വിഷയം:** പൊതു വിദ്യാഭ്യാസം - ജീവനക്കാര്യം - പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികകളിലേക്ക് 2011-2012 അദ്ധ്യയന വർഷത്തേയ്ക്കുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ സംബന്ധിച്ച്.

**സൂചന:** 01/02/2011 തീയതിയിലെ പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ നമ്പർ സർക്കുലർ.I

പൊതു വിദ്യാഭ്യാസ വകുപ്പിലെ സർക്കാർ ഹൈസ്കൂൾ - പ്രധാനാദ്ധ്യാപകർ/ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ/സമാന തസ്തികയിൽ ജോലി നോക്കുന്നവരിൽ നിന്നും 2011-2012 അദ്ധ്യയന വർഷത്തേക്കുള്ള പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷ ക്ഷണിക്കുന്നു.

ഓൺലൈൻ മുഖേനയാണ് അപേക്ഷ സമർപ്പിക്കേണ്ടത്. അപേക്ഷ സംബന്ധിച്ച വിവരം www.transferandpostings.in എന്ന വെബ്സൈറ്റിൽ ലഭ്യമാകുന്നതാണ്. അപേക്ഷകന് ഒരു അപേക്ഷ മാത്രമേ രജിസ്റ്റർ ചെയ്യുവാൻ അനുവദിക്കുകയുള്ളൂ. അപേക്ഷകർക്ക് ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനായി ഇന്റർനെറ്റ് സൗകര്യമുള്ള ഏത് കമ്പ്യൂട്ടറും ഉപയോഗിക്കാവുന്നതാണ്.

ദീർഘമായ അവധിയിൽ നിൽക്കുന്നവർക്കും അനന്യസേവനത്തിൽ തുടരുന്നവർക്കും അപേക്ഷ സമർപ്പിക്കാവുന്നതല്ല. 16/02/2011 മുതൽ 26/02/2011 വരെ അപേക്ഷ രജിസ്റ്റർ ചെയ്യാവുന്നതാണ്.

സ്ഥലംമാറ്റത്തിന് അപേക്ഷ സമർപ്പിക്കാൻ ആഗ്രഹിക്കുന്ന പ്രഥമ അദ്ധ്യാപകർ/ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ അതത് വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും നേരിട്ടോ, ടെലഫോൺ മുഖേനയോ മറ്റ് ഉചിതമാർഗ്ഗേനെ അപേക്ഷ സമർപ്പിക്കുന്നതിനാവശ്യമായ യൂസർ നെയിമും പാസ് വേഡും വാങ്ങേണ്ടതാണ്. ബന്ധപ്പെട്ട വിദ്യാഭ്യാസ ഉപഡയറക്ടർ അപേക്ഷകർക്ക് യൂസർ നാമവും താത്ക്കാലികമായ ഒരു പാസ്വേഡും നൽകുന്നതാണ്. പ്രസ്തുത യൂസർ നാമവും പാസ്വേഡും ഉപയോഗിച്ച് www.transferandpostings.in എന്ന വെബ്സൈറ്റിൽ നിന്നും ഓൺലൈൻ രജിസ്ട്രേഷനുള്ള അപേക്ഷ ലഭിക്കുന്നതാണ്.

അപേക്ഷ ലഭിച്ചാലുടൻ തന്നെ അപേക്ഷകന് ലഭിച്ച പാസ്വേഡ് മാറ്റി ഇഷ്ടമുള്ള പാസ്വേഡ് നൽകേണ്ടതാണ്. പാസ്വേഡ് രഹസ്യസ്വഭാവമുള്ളതായിരിക്കണം. ആയതു മറ്റാരാലും ദുരുപയോഗം ചെയ്യപ്പെടാൻ ഇടയാവരുത്. മാത്രമല്ല ഈ പാസ്വേഡ് ഉപയോഗിച്ചാണ് പിന്നീട്

…….2